പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2839** **10.12.2014** ലെ മറുപടിക്ക്

**അരൂർ മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽപ്പെടുത്തി അരൂർ മണ്ഡലത്തിലെ നരിയണ്ടി കോളനിയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിലെ നരിയാണ്ടി കോളനിയിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്:<br>– പാർശ്വ ഭിത്തി 800 മീറ്റർ പൂർത്തീകരിച്ചു .<br>– റോഡ് നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു<br>– ബോക്സ് കൽവർട്ട് 2 എണ്ണം പൂർത്തിയായി. |
| ബി) | ഇത്തിത്തറ കോളനി വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്; ഈ പ്രവൃത്തികൾ ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത്; നാളിതുവരെയായി പ്രവർത്തനങ്ങൾ യാതൊന്നും തുടങ്ങിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഏൽപ്പിച്ച ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിയോഗിക്കുന്നതിനു സാധിക്കുമോ ; എങ്കിൽ ആയതിന്റെ നടപടിക്രമം വിശദമാക്കാമോ ? | (ബി) | ബഹു. എം;എൽ.എയുടെ അദ്ധ്യക്ഷതയിൽ 20.02.2014 ൽ കോളനിയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങളാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത് :<br>– കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം.<br>– മൂന്ന് റോഡുകളുടെ നിർമ്മാണം<br>– കോൺക്രീറ്റ് നടപ്പാത<br>– കോൺക്രീറ്റ് സ്ലാബ് പാലങ്ങൾ<br>– സ്ട്രീറ്റ് ലൈറ്റ്<br>– കുടിവെള്ള പദ്ധതി<br><br>ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിനെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതികളുടെ മുൻഗണനാലിസ്റ്റ് 21.07.2014 ന് നല്കിയിരുന്നെങ്കിലും എസ്റ്റിമേറ്റ് ഇതുവരെ ലഭ്യമായിട്ടില്ല.<br>പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ നിർദ്ദേശിക്കുന്നത് അതാത് നിയോജക മണ്ഡലത്തിലെ എം.എൽ.എമാരാണ്. എംപാനൽ ചെയ്ത ഏജൻസികളിൽ നിന്നും എം.എൽ.എയ്ക്ക് പുതിയ ഏജൻസിയെ നിർദ്ദേശിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ